# സ്കൂൾ ദിനങ്ങൾ

## ഡിജിറ്റൽ മാഗസീൻ

## 2023-24



സെൻ.ജോസഫ് എച്ച് .എസ് വേലുപ്പാടം

22069

# അകത്താളിലൂടെ

ആമുഖം ........................................................1
ആശംസ ........................................................2
വിദ്യാലയ ചരിത്രം................................ 3
ലോക പരിസ്ഥിതി ദിനം......................4
ഇലയിൽ ഒരു വര ...................................5
ജൂൺ എട്ട് ലോക സമുദ്ര ദിനം .....7
ലക്ഷ്യത്തിലേക്ക് ഒരു യാത്ര...............8
മത്തങ്ങ തോണി ....................................9
ആഴക്കടൽ ..............................................10
രക്തദാനം മഹാദാനം ....................11
അഹങ്കാരം ആപത്ത് ........................12
വായനാദിനം ......................................13
വായനയോടുള്ള ഇഷ്ടം ....................14
ലഹരി വിരുദ്ധ ദിനം.........................15
ലഹരി ........................................................16
ഫ്രീഡം ഫെസ്റ്റ് .....................................17
മെഹന്ദി ഫെസ്റ്റ് ...................................18
ഓണാഘോഷം ......................................19
സ്വാതന്ത്ര്യദിനം ...................................20
മഹാത്മ ഗാന്ധിജി ..............................21
മെസ്സി ........................................................22
അദ്ധ്യാപക ദിനം ...............................23
പൂമ്പാറ്റ ....................................................24
വിൻസെന്റ് വാൻ ഗോഗ് ...............25
രംഗോലി ................................................26
യുറേക്ക ...................................................27
നന്ദി ................................................... ...28

# ആമുഖം

സെന്റ്.ജോസഫ് എച്ച് .എസ്
വേലുപ്പാടം സകൂളിൻെറ ചരിത്രവും
2023–25 അധ്യായനവർഷത്തിൽ
സ്കൂളിൽ നടന്ന ദിനാചരണങ്ങളും
ആഘോഷങ്ങളും വിദ്യാർത്ഥികളുടെ
രചനകളും കോർത്തിണക്കി 2023–25
വർഷത്തിലെ ലിറ്റിൽ കൈറ്റ്സ്
വിദ്യാർത്ഥികൾ ഇറക്കുന്ന മാഗസീൻ.












# ആശംസ ......

2022–2025 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കൈറ്റ് മാസ്റ്റർ/മിസ്ട്രസ് എന്നിവരുടെ മേൽനോട്ടത്തിൽ ഈ വർഷത്തെ ഡിജിറ്റൽ മാഗസീൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്

ഈ വർഷം നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ നടന്ന എല്ലാ പ്രവർത്തനങ്ങളിലും ഏറെ ഉത്സാഹത്തോടെ പങ്കെടുത്ത എല്ലാ അംഗങ്ങളേയും അഭിനന്ദിക്കുന്നു.

ഏവർക്കും എല്ലാ വിധ ആശംസകളും നന്മകളും നേരുന്നു.

ജോഷി.വി.ഡി
ഹെഡ്മാസ്റ്റർ

# വിദ്യാലയ ചരിത്രം




**തൃശ്ശൂർ** അതിരൂപതയുടെ തെക്കുകിഴക്ക് തൃശ്ശൂർ-എറണാകുളം നാഷണൽ ഹൈവേയിൽ നിന്നും ആമ്പല്ലൂർ കിഴക്ക് മാറി ഏകദേശം 11 കിലോമീറ്റർ ദൂരെയാണ് സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂൾ സ്ഥിതി ചെയ്യുന്നത്.വിദ്യാഭ്യാസ മേഖലയിൽ വളരെ പിന്നോക്കം നിന്ന വേലൂപ്പാടത്തെ ജനങ്ങൾക്ക് 1983ജൂൺൽ കണ്ണാത്തച്ചൻ സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂൾ സ്ഥാപിച്ചു.1984മാർച്ച് അഞ്ചാം തിയ്യതി സ്കൂൾ കെട്ടിടത്തിന്റെ ആശിർവാദ കർമ്മം മാർ ജോസഫ് കുണ്ടുകുളം തിരുമേനി നിർവഹിക്കുകയും അന്നത്തെ വിദ്യാഭ്യാസ മന്ത്രി ശ്രീ ടി.എം ജേക്കബ് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

ഇപ്പോൾ ഈ വിദ്യാലയം വിദ്യാഭ്യാസ മേഖലയിൽ ഉയർന്നു കൊണ്ടിരുക്കുകയാണ്.എല്ലാ സൗകര്യങ്ങളോടു കൂടി 480 കുട്ടികളോളം പഠിക്കുന്നു.

# ലോക പരിസ്ഥിതി ദിനം

**ജൂൺ 5**
**ലോക പരിസ്ഥിതി ദിനം**

പ്രകൃതിയുടെ സംരക്ഷണത്തിന്റെ ആവിശ്യകതയെ കുറിച്ച് മനുഷ്യരെ ബോധവാന്മാരാക്കുന്നതിനു വേണ്ടിയാണ് എല്ലാ വർഷവും ജൂൺ 5, ലോക പരിസ്ഥിതി ദിനമായി ആചരിക്കുന്നത്.

മരങ്ങളും കാടുകളും സംരക്ഷിക്കുക, വനപ്രദേശങ്ങൾ വിപുലീകരിക്കുക, ആഗോള പരിസ്ഥിതി സന്തുലനവും കാലവസ്ഥാ സുസ്ഥിരവും ഉറപ്പാക്കുക, തുടങ്ങിയവയാണ് പരിസ്ഥിതി ദിനാചരണത്തിന്റെ.
ഞങ്ങളുടെ സ്കൂളിൽ ജെ ആർ സി കാരുടെ നേതൃത്വത്തിൽ സ്കൂൾ മുറ്റത് തൈകൾ വെച്ചുപിടിപ്പിച്ചു.

നമ്മുടെ ഭൂമിയെ ആഘോഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും, പുനഃസ്ഥാപിക്കുന്നതിനും ആഗോളതലത്തിൽ കൂട്ടായ പരിവർത്തനാത്മകമായ പ്രവർത്തനത്തിന് അത് ആഹ്വാനം ചെയ്യുന്നു.
ഈ ലോകമാകെ തന്നെയും പാരിസ്ഥിതി ക പ്രതിസന്ധികൾ നേരിടുന്ന കാലത്ത് പരിസ്ഥിതി ദിനത്തിന്റെ പ്രാധാന്യവും സന്ദേശവും വലുതാണ്.
മരങ്ങൾ നട്ടു...
പ്രകൃതിയെ സംരക്ഷിക്കു...







# ഇലയിൽ ഒരു വര



ജൂൺ അഞ്ച് പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി സെൻറ് ജോസഫ്സ് എച്ച്. എസ്. എസ് വേലൂപ്പാടം സ്കൂളിലെ വിദ്യാർത്ഥികൾ തയ്യാറാക്കിയ ഇലയിലൊരു വര എന്ന ഇൻസ്റ്റലേഷൻ ആർട്ട്.





ഒരു മരം മരിക്കുമ്പോൾ അതിനെ ചുറ്റിപറ്റി ജീവിക്കുന്ന ഒരു കൂട്ടം ചെറു ജീവജാലങ്ങൾ കൂടിയാണ് ഇല്ലാതാകുന്നതെന്ന ഓർമ്മപ്പെടുത്തലായിരുന്നു വിദ്യാർത്ഥികൾ തയ്യാറാക്കിയ ഉണങ്ങിയ ഇലകളിലെ ഓരോ ചിത്രങ്ങളും സമൂഹത്തോട് പറഞ്ഞത്.

# ജൂൺ എട്ട് ലോക സമുദ്ര ദിനം










പ്ലാസ്റ്റിക്കിന്റെ അതിപ്രസരം സമുദ്ര ജീവികൾക്കും മനുഷ്യനും ദോഷകരം എന്ന ഓർമ്മപ്പെടുത്തലുമായി എട്ടാം ക്ലാസ്സിലെ കുട്ടികൾ തയ്യാറാക്കിയ ഇൻസ്റ്റലേഷൻ ആർട്ട്.

# ചിത്ര രചന

സുജാത ഒരു ചിത്രരചനകാരി ആയിരുന്നു. അവൾ വളരെ നന്നായി തന്നെ ചിത്രം വരകുമയിരുന്ന്. ചെറുപ്പം മുതൽ തന്നെ വളരെ അധികം ചിത്രങ്ങൾ വരച്ചു
ശിലിച്ചിച്ചട്ടുണ്ട് . സുജാത ക് കേൾക്കാനും സംസാരിക്കാനും കഴിയില്ല പക്ഷേ വളരെ നന്നായി ചിത്രം വരകും സുജാത വാരകുന്ന ചിത്രങ്ങൾ എല്ലാവർക്കും വളരെ അധികം പ്രിയം ആയിരുന്ന സൂജതയെ എല്ലവരും അഭിനന്ദിക്കുകയും ചെയ്തു കേൾക്കാനും സംസാരിക്കാൻ പറ്റാത്ത കൊണ്ട് സൂജാതയെ ആരും വലിയ ശ്രദ്ധിച്ച് ഇരുന്നില്ല ഒരിക്കൽ അവൽ വരച്ച ചിത്രം ഫേമസ് ആവുകയും ലോകം മുഴുവൻ അറിയുകയും ചെയ്തു angne സുജാത ലോകത്തിൽ അറിയ പെട്ട ചിത്രകാരി ആയി മാറുകയും ചെയ്തു.

# ലക്ഷ്യത്തിലേക്ക് ഒരു യാത്ര

ഒരിക്കൽ യാത്രകൾ ഒരുപാട് ഇഷ്ട്ടപെടുന്ന ഒരു വിനോദസഞ്ചാരി അദ്ദേഹത്തിന് ഏറ്റവും ഇഷ്ട്ടപെട്ട സ്ഥലത്തേക്ക്  കാൽനടയായി യാത്ര തിരിച്ചു, അതൊരു മഞ്ഞുകാലം ആയിരുന്നു അതുകൊണ്ട് തന്നെ കൊടുംതണുപ്പിൽ തണുത്തുവിറച്ച് അദ്ദേഹം യാത്ര തുടർന്നു. അദ്ദേഹം യാത്രയ്ക്കിടെ തണുപ്പ് സഹിക്കാൻ കഴിയാതെ കുന്നിൻമുകളിലെ ഒരു ചെറിയ വീട്ടിൽ ഒരു ദിവസം അഭയം തേടി...ആ വീട്ടിൽ ഒരു വൃദ്ധൻ മാത്രമേ ഉണ്ടായിരുന്നുള്ളു. പിറ്റേ ദിവസം അതിരാവിലെ തന്നെ അദ്ദേഹം യാത്ര തുടരാൻ പുറപ്പെട്ടു അപ്പോൾ ആ വൃദ്ധൻ ചോദിച്ചു : നിങ്ങളിന്തിനാണ് ഈ കൊടും തണുപ്പിൽ തണുത്ത് വിറച്ച് ബുദ്ധിമുട്ടി യാത്ര ചെയ്യുന്നത്. അതിന് അദ്ദേഹത്തിന്റെ മറുപടി  ഇങ്ങനെ ആർന്നു : ഞാൻ യാത്ര പുറപ്പെട്ടത് ഞാൻ ഒരുപാട് ആഗ്രഹിച്ച ഒരു സ്ഥലം സന്ദർശിക്കാനാണ് ആ ലക്ഷ്യത്തിൽ എത്തുന്നത് വരെ എന്ത് ബുദ്ധിമുട്ടും നേരിടാനും ഞാൻ തയ്യാറാണ് ഇങ്ങനെ പറഞ്ഞു കൊണ്ട് അദ്ദേഹം യാത്ര തുടങ്ങി, അങ്ങനെ മലകളും കാടും എല്ലാം താണ്ടി അദ്ദേഹം അദ്ദേഹത്തിന്റെ ലക്ഷ്യ സ്ഥലത്ത് എത്തിപ്പെട്ടു. ഈ കഥയിൽ നിന്ന് മനസിലാക്കാൻ സാധിക്കുന്നത് നമ്മുടെ ലക്ഷ്യം എന്താണെങ്കിലും ആ ലക്ഷ്യത്തിലെത്താൻ ഒരുപാട് തടസങ്ങൾ ഉണ്ടാവും പക്ഷെ നമ്മുടെ ലക്ഷ്യം ഉറച്ചതാണെങ്കിൽ നമ്മൾ അതിന് വേണ്ടി പരിശ്രമിച്ചാൽ നാം ലക്ഷ്യത്തിലേക് എത്തുക തന്നെ ചെയ്യും.

# മത്തങ്ങ തോണി

ഒരിക്കൽ ഒരിടത്ത് ഒരു തത്തമ്മയും കുറുക്കനും താമസിച്ചിരുന്നു. അവർ രണ്ടുപേരും കൂട്ടുകാരായിരുന്നു. ഒരു ദിവസം അവർക്ക് രണ്ടുപേർക്കും കൂടെ ഒരു മത്തൻ കുരു കിട്ടി അപ്പോൾ തത്ത പറഞ്ഞു നമുക്കിത് നട്ടു ഉണ്ടാക്കാം കുറുക്കൻ സമ്മതിച്ചു. അവർ രണ്ടുപേരും കൂടെ ചേർന്ന് മത്തൻ കുരു നട്ടു. എന്നും അവർ രണ്ടുപേരും കൂടെ അതിന് നനച്ചു കൊടുക്കും അങ്ങനെയിരിക്കെ കുറച്ചുദിവസം കഴിഞ്ഞപ്പോൾ മത്തൻ വള്ളികൾ വളർന്നു വലുതായി മത്തങ്ങ ഉണ്ടായി ഇതു കണ്ട് അവർക്ക് സന്തോഷമായി .



മത്തങ്ങ വലുതാവുന്നതും കാത്തിരുന്നു അവർ രണ്ടുപേരും അങ്ങിനെ കുറച്ചു ദിവസം കൂടെ കഴിഞ്ഞപ്പോൾ മത്തങ്ങ വലുതായി . ഇതു കണ്ട് കുറുക്കന് കൊതിയായി കുറുക്കൻ പറഞ്ഞു ഇത് നമുക്ക് പറിച്ചു കഴിക്കാം. എന്നാൽ തത്ത സമ്മതിച്ചില്ല തത്ത പറഞ്ഞു. നമുക്ക് ഇതുകൊണ്ട് ഒരു തോണി ഉണ്ടാക്കാം എന്നിട്ട് നമുക്കൊരു യാത്ര പോവാം ഇത് കേട്ട് കുറുക്കൻ ദേഷ്യം വന്നു എങ്കിലും അവൻ സമ്മതിച്ചു . അങ്ങിനെ അവർ രണ്ടുപേരും ചേർന്ന് തോണി ഉണ്ടാക്കി. അവർ യാത്ര ആരംഭിച്ചു. തത്ത യാത്ര ആസ്വദിച്ച് ഇരിക്കായിരുന്നു എന്നാൽ കുറുക്കനോ മത്തങ്ങ കഴിക്കാനുള്ള കൊതിയും. മത്തങ്ങ തോണി കുറച്ച് അധികം ദൂരം ചെന്നെത്തിയപ്പോൾ കുറുക്കന് വിശപ്പ് സഹിക്കാതെ അവൻ മത്തങ്ങ കഴിക്കാൻ തുടങ്ങി മത്തങ്ങ തോണി കുറേശ്ശെ കുറേശ്ശെ അവൻ കഴിച്ചു തീരാറായി . തത്ത അതു ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല തോണി പുഴയുടെ നടുവിൽ എത്തിയപ്പോൾ വെള്ളം നിറഞ്ഞ് മുങ്ങിപ്പോയി കുറുക്കൻ വെള്ളത്തിൽ വീണു. എന്നാൽ തത്തമ്മയോ തത്തമ്മ പറന്നു രക്ഷപ്പെട്ടു. ഇതിൻറെ ഗുണപാഠം അത്യാഗ്രഹം ആപത്ത്.

# ആഴക്കടൽ

എന്റെ മനസ്സിൽ തിരമാലകൾ അലയടിച്ചു ഉയർന്നു.ആ തിരമാലകൾ എണ്ണാൻ കഴിയുന്നതിനപ്പുറമാണ്. എന്റെ പ്രശ്നങ്ങളുടെയും ദുഃഖങ്ങളുടെയും തിരമാലകളെ ശാന്തമാക്കാൻ എനിക്കു സാധിക്കുന്നില്ല. ഈ തിരമാലകളോടൊപ്പം എന്റെ ജീവിതം ആഴക്കടലിലേക്ക് താഴ്ന്നു പോകുമോ എന്ന് ഭയമെന്നിൽ ഉയരുന്നു. എന്നാൽ ആ ആഴക്കടലി ലേക്ക് ഞാൻ മായുന്നത് എന്റെ മനസ്സിലെ പൂവണിയാത്ത സ്വപ്നങ്ങളുമായാണ്. ഈ സ്വപ്നങ്ങളെല്ലാം നിറവേറ്റാൻ എന്റെ ഹൃദയം കൊതിക്കുകയാണ്.എന്നാൽ ഒടുവിൽ ഞാൻ ആഴക്കടലിലേക്ക് പോകുന്നു. എന്റെ മനസ്സിലെ സ്വപ്നങ്ങളുമായി ഞാൻ ഇരുട്ടിലേക്ക് മറയുന്നു.ആ ഇരുട്ടിലേക്ക് മായുമ്പോഴും ഭയം എന്റെ ഉള്ളിൽ ഉണ്ട്. ആഴക്കടലിലേക്ക് മാഞ്ഞുപോകുമ്പോ അല്പം വെളിച്ചം പകരാൻ എവിടെയായായാലും ഒരു കൂട്ടം നക്ഷത്രം ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു........

ആത്മിക എം. ജെ

# രക്തദാനം മഹാദാനം









ജൂൺ 14 ലോക രക്തദാന ദിനമായി ആഘോഷിക്കുന്നു. രക്തദാനം ഒരു സാമൂഹ്യ സേവനമാണ്. സാധാരണ ഗതിയിൽ നമ്മുടെ വീട്ടുകാർക്കും സുഹൃത്തുക്കൾക്കും രക്തം ആവശ്യമായി വരികയാണെങ്കിൽ നമ്മൾ രക്തം നൽകാറുണ്ട്. അത് നമ്മുടെ ആവശ്യമാണെന്ന് ഒറ്റ കാരണം കൊണ്ട് മാത്രമാണ് എന്നാൽ നമ്മുടെ ആരുമല്ലാത്ത രക്തം ആവശ്യമുള്ളവർക്ക് സ്വയം സന്നദ്ധമായി മുന്നോട്ടുവന്ന് രക്തം നൽകുന്ന നിരവധി ആളുകൾ ഉണ്ട്. ഇതിനായി നിരവധി ക്ലബ്ബുകളും സന്നദ്ധ സംഘടനകളും ഇന്ന് നമ്മുടെ സമൂഹത്തിലുണ്ട്. നമ്മുടെ ശരീരത്തിന് എട്ടു ശതമാനവും രക്തമാണ്. മറ്റു ശരീര കലകളിൽ നിന്ന് വ്യത്യസ്തമായി ശേഖരിക്കാനും സൂക്ഷിച്ചുവയ്ക്കാനും കഴിയും എന്നതാണ് രക്തത്തിന്റെ ഏറ്റവും വലിയ പ്രത്യേകത രക്തദാന ദിനത്തോടനുബന്ധിച്ച് ഞങ്ങളുടെ സ്കൂളിൽ രക്തദാന ക്യാമ്പ് നടന്നിരുന്നു. അതിൽ അധ്യാപകരും മാതാപിതാക്കളും മറ്റു സ്കൂളിന്റെ പരിസരത്തിലുള്ള വരുംരക്തം നൽകാനായി അന്നേദിവസം വന്നിരുന്നു. റോഡ് അപകടങ്ങൾ, പ്രസവത്തോടനുബന്ധിച്ചു ഉണ്ടാകുന്ന രക്തസ്രാവം, അർബുദരോഗികൾ, അനീമിയ ബാധിച്ചവർ, മറ്റു അത്യാവശ്യഘട്ടങ്ങളിലും രക്തം ആവശ്യമായിവരും.

രക്തം നൽകു ജീവൻ രക്ഷിക്കു. രക്തം ജീവന്റെ തുള്ളിയാണ്.

# അഹങ്കാരം ആപത്ത്

ഗ്രീക്ക് എന്ന രാജ്യത്തിൽ സമ്പന്നയും അതിസുന്ദരിയുമായ ലദൻ എന്ന പെൺകുട്ടി ഉണ്ടായിരുന്നു. അവൾക്ക് പതിനെട്ടു വയസ്സുണ്ട്. പണത്തിന്റെയും സൗന്ദര്യത്തിന്റെയും അഹങ്കാരം ഉണ്ടായിരുന്നു. അവൾക്ക് സമ്പന്നരായ കുട്ടികളോടാണ് സൗഹൃദം.പാവപ്പെട്ട കുട്ടികളെ തരംതാഴ്ത്തി സംസാരിച്ചിരുന്നു. കുറച്ചു നാളുകൾക്കു ശേഷം അവളുടെ അച്ഛന് മാരകമായ രോഗം പിടിപെടുകയും അതിനായി അവരുടെ കൈവശമുള്ള മുഴുവൻ സമ്പത്തും ചിലവഴിക്കേണ്ടി വന്നു. അതിനാൽ അവളുടെ സുഹൃത്തുക്കൾ അവളിൽ നിന്ന് അകന്നു. അങ്ങനെ അവൾ ഒറ്റപ്പെടാൻ തുടങ്ങി. അതിനുശേഷം ആണ് അവൾക്ക് അവളുടെ തെറ്റുകൾ മനസ്സിലായത്. അത് തിരുത്താൻ വേണ്ടി അവൾ പാവപ്പെട്ട കുട്ടികളോട് കൂട്ടുകൂടുകയും അവരെ  സ്നേഹിക്കാനും തുടങ്ങി.ഇതിലൂടെ നാം മനസ്സിലാക്കേണ്ടത് പണം കൊണ്ട് ഒരിക്കലും നാം അഹങ്കരിക്കരുത്.

ഏയ്ഞ്ചൽ വിജു

# വായനാദിനം

ജൂൺ 19 വായനദിനമായി നാം ആചരിക്കുന്നു. വായന ഒരു സംസ്കാരമാണെന്നും വായിച്ച് വളരണമെന്നും മലയാളിയെ പഠിപ്പിച്ച ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ സ്ഥാപകൻ ശ്രീ. പി. എൻ പണിക്കരുടെ ചരമദിനമായ ജൂൺ 19 നാം വായനദിനമായി ആചരിക്കുന്നു. വായനയിലൂടെ മനസ്സിനും ബുദ്ധിക്കും ആത്മാവിനും കഴിവ് ലഭിക്കുന്നു. അറിവ് വർധിപ്പിക്കുന്നതോടൊപ്പം പഠിക്കാനുള്ള താത്പര്യവും കുട്ടികളിൽ ഉണ്ടാക്കാൻ വായനാശീലം സഹായിക്കുന്നു.

ഈ വർഷം ഞങ്ങളുടെ വിദ്യാലയത്തിൽ വായനദിനത്തോടനുബന്ധിച്ച് വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന മഹത് വ്യക്തികളുടെ നല്ല സന്ദേശങ്ങൾ/ചിന്തകൾ ചാർട്ടിൽ ഒരു പുസ്തകം പോലെ ഉണ്ടാക്കി വരാൻ പറഞ്ഞിരുന്നു.അത് വായനദിനത്തിന്റെ അന്ന് വിദ്യാലയത്തിന്റെ മുൻവശത്ത് പ്രദർശിപ്പിച്ചു. വായനദിനത്തിൽ വിദ്യാലയത്തിന് ഒരു പുസ്തകസഞ്ചി ചാലഞ്ച് ഉണ്ടായിരുന്നു.അതിന്റെ ഭാഗമായി ക്ലാസടിസ്ഥാനത്തിൽ ലൈബ്രറി പുസ്തകങ്ങൾ ശേഖരിച്ച് വിദ്യാലയത്തിലെ ലൈബ്രറിയിലേക്ക് നൽകുന്ന ഒരു പദ്ധതി സംഘടിപ്പിച്ചിരുന്നു. മലയാള അദ്ധ്യാപികമാരായ ഷൈനി ടീച്ചറും ദീപ ടീച്ചറുമാണ് ഇതിനെല്ലാം നേതൃത്വം നൽകിയത്.



# വായനയോടുള്ള ഇഷ്ടം

അവളുടെ പതിനൊന്നാം വയസ്സിലായിരുന്നു അവൾക്ക് വായന എന്ന കാര്യം ഇഷ്ടപ്പെട്ട് തുടങ്ങിയത്. തന്റെ അമ്മ സമ്മാനമായി  എം ടി വാസുദേവൻ നായരുടെ പുസ്തകം കൊടുത്തു. അത് അവൾ വായിച്ചത് വെറും രണ്ട് ദിവസം കൊണ്ട് മാത്രം. പക്ഷേ അത് അവളുടെ ഉള്ളിൽ വായന എന്നത് ഒരു ലഹരിയായി മാറി എന്നത് അവൾ അപ്പോൾ മനസ്സിലാക്കിയില്ല. അവൾക്ക് വായന എന്നത് ഒരു ശീലമായി മാറി.അമ്മയോട് ആവശ്യപ്പെട്ട് പലതരത്തിലുള്ള പുസ്തകങ്ങൾ അവൾ വാങ്ങിച്ചു. പുസ്തകൻ വായിക്കുവാൻ വേണ്ടി എങ്ങനെയെങ്കിലും കുറച്ചുസമയം മാറ്റിവയ്ക്കുവാൻ അവൾ ശ്രമിക്കുമായിരുന്നു. ഇംഗ്ലീഷ് മലയാളം എന്നീ രണ്ട് തരത്തിലുള്ള പുസ്തകങ്ങൾ അവളെ ഏറെ ആകർഷിപ്പിച്ചു. അങ്ങനെ അവൾ തിരിച്ചറിഞ്ഞു തന്റെ ഉള്ളിലെ വായന എന്ന ലഹരിയെ. കവികളെയും കലാപ്രിയരെയും അവൾ മറന്നില്ല. ആറു പുസ്തകങ്ങൾ വായിച്ചു തീർന്നതിനു ശേഷം പുതിയ പുസ്തകങ്ങൾ ആവശ്യപ്പെട്ടപ്പോൾ അമ്മ പറഞ്ഞു കുറച്ചു കഴിഞ്ഞിട്ട് വാങ്ങിച്ചു തരാം എന്ന്. അവൾ തലയാട്ടി പക്ഷേ മനസ്സിൽ വിഷമം ആയിരുന്നു. കുറച്ചുകാലം കഴിഞ്ഞു അവളുടെ മനസ്സിൽ വായന എന്നത് മങ്ങി. പക്ഷേ മങ്ങിയ കാര്യങ്ങൾ വീണ്ടും അവൾ ആവശ്യപ്പെടുന്നു.
അവൾ വായിക്കുന്നു....
വായന എന്റെ പ്രിയം....
വായന എന്ന ലഹരി....

നസ്രിൻ പി.എസ്

# ലഹരി വിരുദ്ധ ദിനം

**ഈ** കാലഘട്ടത്തിൽ കുട്ടികളെയും മുതിർന്നവരെയും സ്വാധീനിച്ചിരിക്കുന്ന ഒന്നാണ് ലഹരി.സിഗരറ്റ് പോലെ എരിഞ്ഞു തീരുന്നതാണ് നമ്മുടെ ജീവിതം. ലഹരി എന്നാ ആസക്തി നമ്മെ മരണത്തിലേക്ക് വരെ നയിച്ചേക്കാം എന്നാ അവബോധം നൽകി കൊണ്ട് എല്ലാ വർഷവും ജൂൺ 26 ന് ലോക ലഹരി വിരുദ്ധ ദിനമായി നമ്മൾ ആചരിക്കുന്നു.ഇതിന്റെ ഭാഗമായി ഞങ്ങളുടെ വിദ്യാലയത്തിൽ J. R. C യുടെ നേതൃതത്തിൽ ഞങ്ങൾ അനുസ്മരിച്ചു അതിന്റെ ഭാഗമായി മതിലിൽ ലഹരി വിരുദ്ധ ചിത്രങ്ങൾ വരക്കുകയും ഹെഡ് മാസ്റ്റർ അതിനെ കുറിച് പ്രബോധനം നൽകുകയും ചെയ്തു. എല്ലാ ടീച്ചേർസും ഇതോടെ കൂടെ സഹകരിച്ചു.കുട്ടികൾ ലഹരിയെ കുറിച് മതിലിൽ എഴുതി. എല്ലാവരും ഹെഡ് മാസ്റ്ററിനൊപ്പം പ്രതിജ്ഞ ചെയ്തു.






# ലഹരി

ലഹരി യുവത്വത്തെ കാർന്നു തിന്നുന്നു. കൗമാരക്കാരായ പെൺകുട്ടികളെ ലഹരി മാഫിയ വലയിലാക്കുന്നു.' പത്രം വായിച്ച രാജു സാർ ലഹരിക്കെതിരെ എഫ്.ബി യിൽ പോസ്റ്റിട്ടു. ലൈക്കും ഷെയറും വരുന്നത് നോക്കി ഉമ്മറത്തെ ചാരു കസേരയിലിരുന്നു. പിറ്റേദിവസം, പ്രമുഖനായ കോളേജ് പ്രിൻസിപ്പാളിന്റെ കോൾ അയാളെ തേടിയെത്തി. "ഹലോ..രാജു സാറല്ലേ...? ലഹരി ബോധവത്കരണ ക്ലാസിനു ഞങ്ങടെ കോളേജിൽ വരാമോ.." "ആഹ്.."അപ്പോഴാണ് പത്താംക്ലാസുകാരൻ മകൻ രാമു സ്കൂൾ ബസ്സിൽ നിന്നിറങ്ങി ഗെയ്റ്റു കടന്നു വന്നത്. രാജു സാർ മകനെ ചേർത്തുപിടിച്ചു. ഉപദേശിക്കാൻ തുനിയവേ കീശയിൽ നിന്നും മിഠായി കവറിന്റെ ശബ്ദം കേട്ടു. സ്നേഹത്തോടെ മകന്റെ കീശയിൽ കൈയ്യിട്ട അയാളുടെ ബോധം മറഞ്ഞു. ചാരു കസേരയിൽ ചാഞ്ഞു വീണു. അത് മിഠായി ആയിരുന്നില്ല. പുതിയ തരം ലഹരിയായിരുന്നു. ഐ സി യുവിന്റെ മരവിപ്പിൽ കിടന്നു കൊണ്ട് അയാൾ ചിന്തിച്ചു. കൂട്ടിലടച്ച പക്ഷിയെ പോലെ എത്ര കരുതലോടെയാണ് ഞാനവനെ വളർത്തിയത്..? സ്കൂൾ ബസ്സിൽ മാത്രമേ ഞാൻ അവനെ അയച്ചിരുന്നുള്ളൂ. എന്നിട്ടും ഇതെങ്ങനെ സംഭവിച്ചു...!?അപ്പോഴാണ് ബോധം മറഞ്ഞു വീഴവേ മകൻ പറഞ്ഞ വാക്ക് ഒരു മിന്നായം പോലെ ഓർമ്മവന്നത്.. "എന്റെ കൂട്ടുകാരുള്ള കാലത്തോളം എനിക്കു ഇതിലും വലുത് കിട്ടും.."

# ഫ്രീഡം ഫെസ്റ്റ്

ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി സെന്റ് ജോസഫ്സ് വേലുപാടം സ്കൂളിൽ ജീസ്മാഷിന്റെ നേതൃത്വത്തിൽ വിദ്യർതഥികൾ ഫ്രീഡം ഫെസ്റ്റ് സംഘടിപ്പിച്ചു.






വിവിധ സോഫ്റ്റ് വെയറുകളുടെ പ്രവർത്തനം, ഐ.ടി മേഘലയിലെ ഉപകരണങ്ങളുടെ പ്രദർശന എന്നിവ മനോഹരമായി എല്ലാ കുട്ടികൾക്കും കാണുവാനും മനസ്സിലാക്കുവാനും സാദിക്കുന്നവിധം അവതരിപ്പിച്ചു



# മെഹന്ദി ഫെസ്റ്റ്

2023 ജൂൺ 27പെരുന്നാളിന്റെ ഭാഗമായി സെന്റ് ജോസഫ് വേലൂപ്പാടം സ്കൂളിൽ മെഹന്ദി ഫെസ്റ്റ് സംഘടിപ്പിച്ചു.



വിദ്യാർത്ഥികൾ
മെഹന്ദി ഉപയോഗിച്ച് മനോഹരമായ ചിത്രങ്ങൾ
കൈവെള്ളയിൽ
ഒരുക്കി. 10–ക്ലാസ്സ് കാരുടെ നേതൃത്വത്തിൽ ഒപ്പന അരങ്ങേറി. തുടർന്ന് 9,8–ക്ലാസ്സ്കാർ ദഫ്മുട്ട് അവതരിപ്പിച്ചു പരിവാടി മനോഹരമാക്കി

# ഓണാഘോഷം

പൂക്കളത്തിന്റേയും കൊതിയൂറും സദ്യ വിരുന്നിന്റെയും ഓണപ്പട്ടിന്റെയും ഓർമ്മകളുണർത്തി ഒരു ഓണക്കാലം കൂടിവരയായി.




മാവേലിയും വടംവലിയും ഓണക്കളികളുമായി ഞങ്ങൾ സെന്റ് ജോസഫ്സ് വേലുപ്പാടം സ്കൂളിൽ ഇത്തവണയും ഓണം ഒരാഘോഷമാക്കി.





വീണ്ടും കുറേ നല്ല ഓർമ്മകൾ.

# സ്വാതന്ത്ര്യദിനം

ഓഗസ്റ്റ് 15 ഇന്ത്യയുടെ സ്വാതന്ത്ര്യം ദിനമായി ആഘോഷിക്കുന്നു. 1947 ൽ ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് രാജ്യം സ്വാതന്ത്ര്യം നേടിയ ദിവസമാണ് ഇത് ഈ ദിവസത്തിൽ സെന്റ് ജോസഫ് വേലൂപ്പാടം സ്കൂളിൽ സ്വാതന്ത്ര്യ ദിനത്തിന്റെ ഭാഗമായി എല്ലവരും ഒരുമിച്ച് പാതക ഉയർത്തുകയും എല്ലവർക്കും മധുരം നൽക്കുകയും ചെയ്യാറുണ്ട് ഈ ദിവസം രാജ്യത്ത് ദേശീയ അവധിയാണ്. ബ്രിട്ടീഷുകാരിൽ നിന്ന് നമ്മുടെ രാജ്യത്തെ മോചിപ്പിക്കാൻ എല്ലാ പുരുഷ ന്മാരും സ്ത്രീകളും കൈക്കൊണ്ട് ത്യാഗത്തെയും ധീരതയെയും ഈ ദിവസം നമ്മെ ഓർമ്മിപ്പിക്കുന്നു സ്വതന്ത്ര്യ സമരത്തിന് പ്രചോദനം നൽകിയിട്ടുള്ള ആദർശങ്ങളെ പിന്തുടരുകയും അവയെ ബഹുമാനിക്കുകയും ചെയ്യുക എന്നത് നാം ഓരോ പൗരന്മാരുടെയും മാലിക കർത്തവ്യവുമാണ്. 2024 ൽ നാം ആഘോഷിക്കുന്നത് സ്വതന്ത്ര്യത്തിന്റെ 78-ാം വാർഷികമാണ്









# മഹാത്മാ ഗാന്ധിജി

1869 ഒക്ടോബർ 2--ന് ഗുജറാത്തിലെ പോർബന്തറിലാണ് അദ്ദേഹം ജനിച്ചത്. കരംചന്ദ് ഗാന്ധിയും, പുത് ലിബായിയും ആയിരുന്നു അദ്ധേഹത്തിന്റെ മാതാപിതാക്കൾ. അദ്ധേഹത്തിന്റെ യാഥാർത പേര് മോഹൻദാസ് കരംചന്ദ് ഗാന്ധി എന്നായിരുന്നു. മഹാത്മാ ഗാന്ധി ഒരു മികച്ച സ്വാതന്ത്ര്യ സമര സേനാനിയു. സാമൂഹിക പ്രവർത്തകനുമായിരുന്നു. അദ്ധേഹം പതിമൂന്നാം വയസ്സിൽ കസ്തൂരബാ ഗാന്ധിയെ വിവാഹം കഴിച്ചു. സത്യത്തിന്റെയും അഹിംസയുടെയും തത്വങ്ങൾ ഗാന്ധിജി നമ്മെ പഠിപ്പിച്ചു. നിസ്സഹകരണ പ്രസ്ഥാനം, ദണ്ഡി മാർച്ച്, ക്യിറ്റ് ഇന്ത്യാ സമരം തുടങ്ങി നിരവധി പ്രസ്ഥാനങ്ങൾക്ക് അദ്ധേഹം നേതൃത്വം നൽകി. ആളുകൾ വളരെ സ്നേഹത്തോടെ അദ്ധേഹത്തെ ബാപ്പുജി എന്ന് വിളിച്ചു. ഇന്ത്യയുടെ രഷ്ട്ര പിതാവാണ് മഹാത്മാന്ധി. അദ്ധേഹത്തിന്റെ ജന്മദിനം ഇന്ത്യയിലുടെ നീളം ഗാന്ധി ജയന്തിയായി ആഘോഷിക്കുന്നു

# മെസ്സി

## റോസാരിയോയിൽ നിന്നുള്ള മാന്ത്രികൻ

1987 ജൂൺ 24ൽ അർജന്റീനയിലെ റോസാരിയോയിൽ ജനിച്ചു.... ലയണൽ ആൻഡ്രേസ് മെസ്സി. കുട്ടികാലം മുതൽ തെരുവിൽ 5 വയസ്സിൽ പന്തിനോട് പ്രണയം തോന്നി... തന്റെ അമ്മാമ സിലിയക് അത് മനസിലായി... മെസ്സിയുടെ നാട്ടിലെ ക്ലബ് ആയിരുന്ന ഗ്രാണ്ടോളിയിൽ അദ്ദേഹത്തിനെ സിലിയ കൊണ്ടുപോയി.. പക്ഷെ അവർ നിരസിച്ചു മെസ്സിക് പൊക്കം ഇല്ലെന്നും താനേക്കാൾ വലിയവരുടെ കൂടെ കളിക്കാൻ കഴിയിലെന്നും പറഞ്ഞു മ്.. പക്ഷെ സിലിയ പ്രതീക്ഷ വിട്ടില്ല... അന്നത്തെ കോച്ച് ആയിരുന്ന സൽവഡോർനോട് പറഞ്ഞു ഇവന്റെ കളി കണ്ടിട്ട് നിങ്ങൾ പറയു... മെസ്സിയുടെ അത്യത്തെ കളിയായിരുന്നു അത്... ഗ്രാണ്ടോളി അംഗങ്ങളെ ഞെട്ടിച്ച ആ ചെറിയ പയ്യൻ... ഇന്ന് ലോകത്തിലെ ഏറ്റവും മികച്ച താരങ്ങളിൽ ഒരാളാകുന്നു..... ഗ്രാണ്ടോളിയിൽ നിന്ന് ഭാര്സെലോന എന്ന സ്പാനിഷ് വമ്പന്മാരിലേക് അവൻ എത്തുന്നു.... മെസ്സിയുടെ പൊക്കം ഒരു പ്രശ്നം ആയിരുന്നു... പൊക്കം വെക്കാത്തതിനാൽ അവന്റെ അമ്മയും അച്ഛനും ആശുപത്രിയിൽ കേറിയിറങ്ങി... ഡോക്ടർമാരുടെ വാക്കുകൾ അവനെ നെഞ്ച് തകർത്തു.... തനിക് ഇനി കളിക്കാൻ കഴിയില്ല... തനിക്ക് ഗ്രൗത ഹോർമോന ഡിഫുംയ്സൺ എന്ന രോഗം ഉണ്ട്..... തന്റെ പ്രതീക്ഷകളെ നഷ്ടമാക്കി ആ വാക്കുകൾ... പക്ഷെ അത് കൊണ്ടൊന്നും തീരില്ല മെസ്സിയുടെ ആത്മവിശ്വാസം... തീ കെടുന്നത് പോലെ കെട്ടില്ല പകരം ആളി കത്തുകയാണ് ഉണ്ടായത്....ഭാര്സെലോനയിലെ മെയിൻ ടീമിൽ 17ആം വയസിൽ സബ് ആയിട്ടാണ് അദ്ദേഹം കളി തുടങ്ങിയത്......672 പുരസ്കാരങ്ങൾ അദ്ദേഹത്തിന്റെ ഭാര്സെലോന കാലകെട്ടത്തിൽ കിട്ടിയിട്ടുണ്ടഡ്.... അർജന്റീനയെ.... 2014ഇൽ ഫൈനൽ വരെ മെസ്സി താങ്ങി പിടിച്ചു കൊണ്ടുപോയി.... തന്റെ ടീമിന്റെ തോൽവി അതേഹത്തിന്റേതും വിജയവും അദ്ദേഹത്തിന്റേത്..... ലോകത്തിലെ മികച്ച പ്ലയെർ എന്നൊള്ള പുരസ്കാരം 8 തവണയാണ് അദ്ദേഹത്തിന് കിട്ടിയിട്ടുള്ളത്.....3 ഫിഫ ബെസ്റ്റ് പ്ലയെർ അവാർഡ്....4 ചാമ്പ

# അദ്ധ്യാപക ദിനം

**അ**ക്ഷര ലോകത്തേക് നമ്മെ കൈ പിടിച്ചുയർത്തുന്ന ഗുരുക്കന്മാർക്കായി ഒരു ദിനം. അതാണ് അദ്ധ്യാപക ദിനം.2023സെപ്റ്റംബർ 5 )o തിയതി  വേലൂപ്പാടം  സെൻറ് ജോസഫ് ഹൈസ്കൂളിൽ അദ്ധ്യാപക ദിനം ആചരിച്ചു. അന്നേ ദിവസം ദേശീയ അദ്ധ്യാപക  ജേതാവ്  ശ്രീ. എൻ. ഡി. പൈലോത് മാസ്റ്റർ മുഖ്യാതിഥി യായി എത്തിയിരുന്നു.അദ്ദേഹം കുറച്ചു നേരം വിദ്യാർത്ഥി കളും അദ്ധ്യപകരുമായി സംവദിച്ചു. ശേഷം ഷിജി ടീച്ചറെ ആദരിച്ചു.



# പൂമ്പാറ്റ

പൂവുകൾ തോറും പൂമ്പാറ്റ
പാറി നടക്കും പൂമ്പാറ്റ
തേൻ നുകരുന്നൊരു
പൂമ്പാറ്റ
എന്നെ പോലൊരു പൂമ്പാറ്റ
കാറ്റിൽ പാറും പൂമ്പാറ്റ
കൂട്ടായ് കൂടും പൂമ്പാറ്റ
കാനന കാഴ്ച്ചകൾ കണ്ടു
നടക്കെ
പൂന്തേനുണ്ണും പൂമ്പാറ്റ

അതുൽ കെ. എസ്.

# വിൻസെന്റ് വാൻ ഗോഗ്

1853 –ൽ ഹോളണ്ടിലെ ഒരു യാഥാസ്ഥിതിക കുടുംബത്തിൽ ജനിച്ച വിൻസൻറ്റിന് ചിത്രകലയിൽ പറയത്തക്ക ഔപചാരിക വിദ്യാഭ്യാസമൊന്നും ലഭിച്ചിരുന്നില്ലത്രേ. "എരിയുന്ന തീക്കുണ്ഡം ആത്മാവിൽ സൂക്ഷിച്ച" സർഗ്ഗപ്രതിഭയെ അനാവരണംചെയ്തതത് സഹോദരനും ആർട്ട് ഡീലറുമായിരുന്ന തിയോ വാൻഗോഗും ഭാര്യ ജോഹന്നയുമായിരുന്നു. തിയോയ്ക്ക് അയച്ച കത്തുകളിലൂടെയാണ് നമ്മളറിയുന്ന വാൻഗോഗ് തെളിഞ്ഞു വന്നത്.

കേവലം 10 വർഷം മാത്രം കലയിൽ സജീവമായിരുന്ന വാൻഗോഗിന്റെ ചിത്രങ്ങൾ നിറയെ നിറങ്ങളുടെ, വികാരങ്ങളുടെ ഘോഷയാത്രയാണ്. ഉത്കണ്ഠയുടെയും ഫാന്റസിയുടെയും മാനസിക വിഭ്രാന്തികളുടെയും അതിർവരമ്പുകളിലൂടെ സഞ്ചരിച്ച്, വരച്ചു കൂട്ടിയതെല്ലാം അതിശയചിത്രങ്ങളായിരുന്നു. അവസാനത്തെ എഴുപതു ദിവസങ്ങളിൽ മാത്രം വാൻഗോഗ് എഴുപത്തിഅഞ്ചോളം ചിത്രങ്ങൾ പൂർത്തീകരിക്കുകയുണ്ടായി! വ്യത്യസ്തമായ നിറങ്ങളും ചിത്രരചനാ രീതികളും ആധുനിക പാശ്ചാത്യ ചിത്രകലയുടെ അടിത്തറയ്ക്ക് ഉറപ്പു കൂട്ടി. അങ്ങനെ, ഇരുപതാം നൂറ്റാണ്ടിലെ ചിത്രകലയെ സ്വാധീനിച്ച മഹാപ്രതിഭകളിൽ ഒരാളായി വാൻഗോഗ്. ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ തിരിച്ചറിയുന്ന ചിത്രങ്ങളിൽ പെടും വാൻഗോഗ് ചിത്രങ്ങൾ.

# രംഗോലി






**കല** നമ്മുടെ മനസ്സിന് എന്നും സന്തോഷം നൽകുന്ന ഒന്നാണ്. അത്തരത്തിൽ ഓരോരുത്തരുടെയും കഴിവിനെ പ്രകടിപ്പിക്കാൻ കഴിയുന്ന അവസരമാണ് കലോത്സവവേദികൾ. ഇതുപോലെ ഞങ്ങളുടെ വിദ്യാലയത്തിൽ 29-01-2023 എന്ന തിയ്യതിയിൽ രംഗോലി എന്ന പേരിൽ കുട്ടികളുടെ കഴിവിനെ പുറത്തു കൊണ്ടു വരാൻ ഒരു അവസരം നടത്തി.

ഈ കലയുടെ ചുവടുവെപ്പിന് അദ്ധ്യക്ഷ പ്രസംഗം നൽകിയത് റവ.ഫാ ഡേവീസ് ചിറയത്താണ് . ഞങ്ങളുടെ പ്രദേശത്തെ കലാകാരനായ ഡേവീസ് ഈ മംഗളകർമ്മത്തിന് ചിത്രം വരച്ച് ഉദ്ഘാടണം നിർവഹിച്ചു. തുടർന്ന് കുട്ടികളുടെ കലാവിരുന്നും ഉണ്ടായി. ഒപ്പന, തിരുവാതിര, ദഫ്മുട്ട് തുടങ്ങിയവ കുട്ടികൾ അവതരിപ്പിച്ചു.







# യുറേക്ക

സെന്റ് ജോസഫ്സ് വേലൂപ്പാടം 2023 അദ്യായനവർഷത്തെ ശാസ്ത്രമേള പ്രവൃത്തി പരിചയമേള "യുറേക്ക" 27-7-2023 ന് നടന്നു. ശാസ്ത്രം, ഗണിതം, സാമൂഹ്യം , പ്രവൃത്തി പരിചയം എന്നീ വിഷയങ്ങളിലെ മികച്ച വർക്കുകളുടെ പ്രദർശനം നടത്തി മികച്ച സൃഷ്ടികൾ തിരഞ്ഞെടുത്തു.





# നന്ദി

സെന്റ് ജോസഫ്സ് എച്ച് എസ് എസ് വേലൂപ്പാടം 2023-24 അധ്യയന വർഷത്തെ ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മേഗസീൻ നിർമ്മിക്കാൻ കൂടെ നിന്ന ലിറ്റിൽ കൈറ്റ്സ് കോഡിനേറ്റേഴ്സ്സിനും വിദ്യാർത്ഥികൾക്കും നന്ദി.